# കേരള - കേന്ദ്ര വായ്പ ഉപരോധം: പുനസ്ഥാപനം-നിജസ്ഥിതി ജനമറിയട്ടെ.

**പാർട്ട്-1**

**ഡോ. ജോസഫ് ഏബ്രഹാം**

'സംസ്ഥാനം കേന്ദ്രത്തിൽ നിന്നും സാമ്പത്തിക ഉപരോധം നേരിടുന്നു'. "കടമെടുപ്പ് പരിധി Rs.5944 കോടി വെട്ടിയത് പുനസ്ഥാപിക്കണം". ഈ രണ്ടു പ്രസ്താവനകൾ കേരള മുഖ്യമന്ത്രിയുടെയും ധനമന്ത്രിയുടെയുമായി 25/12/2025 ലെ പത്രങ്ങളിൽ വന്നവയാണ്. കേന്ദ്ര ധനകാര്യമന്ത്രി കേരളത്തെ സാമ്പത്തികമായി ശ്വാസം മുട്ടിയ്ക്കുകയാണെന്ന് ഇവർ ആരോപണം ഉന്നയിച്ചു. കേരളത്തിന് ബാധകമായ നെറ്റ് ബോറോയിംഗ് നിരക്ക് (NBC) 2024-25ൽ കേന്ദ്രം താഴ്ത്തിയത്, 2025-26ൽ വീണ്ടും കുറവാക്കിയത് കടുത്ത പ്രകോപനമുണ്ടാക്കിയിരിക്കുന്നു. കേന്ദ്രത്തിന്റെ നടപടി ഏകപക്ഷീയവും രാഷ്ട്രീയപ്രേരിതമാണ് എന്ന് കേരളം ആക്ഷേപിക്കുമ്പോൾ കേന്ദ്രം നല്കുന്ന വിശദീകരണം മുൻകാലങ്ങളിലെ ക്രമാതീതമായ അമിത വായ്പകളെ നിയമാനുസ്രുണമായ ക്രമപ്പെടുത്തുന്ന നടപടിയെന്നാണ്.

**വ്യത്യസ്ഥ സമീപനങ്ങൾ**

കേരള ഗവൺമെന്റിന്റെ ലക്ഷ്യങ്ങൾ; ഉയർന്ന ക്ഷേമം; വർദ്ധിത ചിലവാക്കലുകൾ; ശമ്പളം, പെൻഷൻ, പലിശ തിരിച്ചടവ് എന്നീ പ്രതിച്ഛായസംബന്ധമായവയെ അനുസ്യൂതം തുടരണമെന്ന നയ സമീപനം നിർബാധം നടപ്പിലാക്കുവാൻവേണ്ടി ബജറ്റിന് പുറമെയുള്ള വായ്പാ സാധ്യതകളെ വലിയ തോതിൽ അവലംബിച്ചുപോന്നു. കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവാദിത്വം സാമ്പത്തിക അച്ചടക്കം നിലനിർത്തുകയെന്നതാണ്. എഫ്.ആർ.ബി.എം. ചട്ടക്കൂട്ടിനുള്ളിൽ നിന്ന് നിയമാനുസ്യൂതം പ്രവർത്തിക്കുകയും ദേശീയ തലത്തിൽ സാമ്പത്തിക സുസ്ഥിരത ഏർപ്പാടാക്കുകയെന്നതാണ്. മേൽ രണ്ട് ലക്ഷ്യങ്ങൾ പരസ്പരം ഏറ്റുമുട്ടുന്ന സാഹചര്യങ്ങൾ ഉണ്ടാകുന്നത് സംസ്ഥാനത്തിന്റെ ഓഫ് ബജറ്റ് വായ്പകൾ വലിയതോതിൽ കുമിഞ്ഞുകൂടുമ്പോഴാണ്. ഇപ്രകാരം കേരളത്തിൽ സംഭവിക്കുന്നുവെന്നാണ് കേന്ദ്രം സൂചിപ്പിക്കുന്നത്.

**വായ്പാ നിയമങ്ങൾ**

ഭരണ ഘടനയുടെ ആർട്ടിക്കിൾ 293(3) പ്രകാരം, സംസ്ഥാനങ്ങൾ കേന്ദ്ര ഗവൺമെന്റിൽ നിന്നുമുള്ള വായ്പയുടെ കുടിശിഖയുണ്ടെങ്കിൽ അല്ലെങ്കിൽ ഇന്ത്യാ ഗവൺമെന്റ് ഗ്യാരന്റി നല്കിയിട്ടുള്ളതോ ആയ ഒരു ഇന്ത്യൻ സംസ്ഥാനത്തിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയില്ലാതെ വായ്പയെടുക്കാൻ പാടില്ല. ഇത് നടപ്പിലാക്കുന്നത് FRBM ആക്ട് പ്രകാരമുള്ള നെറ്റ് ബോറോവിംഗ് സീലിംഗ് (NBC) നിരക്ക്, നിലവിൽ ബാധകമായ 3% ജി.ഡി.പി.യുടെ എന്ന മാനദണ്ഡപ്രകാരമാണ്. ഒരു സംസ്ഥാനം വായ്പാ തിരിച്ചടവിനായി കൺസോളിഡേറ്റഡ് ഫണ്ടിനെ ആശ്രയിച്ചാൽ അത് സംസ്ഥാനത്തിന്റെ കടമായി കരുതപ്പെടും; ഇവ സംസ്ഥാന ബജറ്റിന്റെ ഭാഗമായോ അല്ലാതെ SPV ആയോ ആവാം.

**തർക്കത്തിന്റെ കാതൽ**

കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ പണനയത്തിന്റെ ഭാഗമായി KIIFB/SPV/ സ്റ്റേറ്റ് ഗ്യാരണ്ടികൾ എന്നിവയിലൂടെ വലിയ തോതിൽ വായ്പയെടു

ക്കുകയും, ഇവയെ വായ്പ പരിധിയിൽ നിന്നും മാറ്റി നിർത്തുകയും ചെയ്തു. എന്നാൽ, കേന്ദ്ര ഗവൺമെന്റ് ഇവകളെ സർക്കാർ പൊതു വായ്പകളായി മാത്രമെ പരിഗണിക്കുമെന്ന് നിയമാനുസൃതം വ്യക്തമാക്കി.

**ഒന്നാം എൽ.ഡി.എഫ്. വായ്പകൾ**

പിന്നിട്ട ഒന്നാം ഇടതുപക്ഷ ഗവൺമെന്റ് (2016-21) കാലഘട്ടത്തിൽ നേരിട്ടുള്ള ബജറ്റ്സ് ബാധകമായ വായ്പ നിയമാനുസൃതമായി Rs.105000 ലക്ഷം കോടിയിലൊതുക്കി FRBM നിബന്ധകൾക്കനുസരിച്ചു.

എന്നാൽ ബജറ്റിന്-പുറത്ത്, ഇതര വഴികളിലൂടെ വലിയതോതിൽ വായ്പയെടുക്കൽ പ്രയോഗത്തിൽ വരുത്തിയെന്ന് കാണാം. 2016-21 കാലഘട്ടത്തിൽ KIIFBയുടെ കടം Rs.20000 കോടിയിൽ നിന്നും Rs.38000 കോടിയായി വർദ്ധിച്ചു. പെൻഷൻ SPV വായ്പ Rs.8000 കോടിയിൽ നിന്നും Rs.14000 കോടിയായി ഉയർന്നു. മറ്റ് സംസ്ഥാന ഗ്യാരന്റികളിലൂടെ Rs.6000 കോടിയിൽ നിന്ന് Rs.12000 വായ്പകൾ ഉയർന്നു.

ഈ മൂന്ന് ഓഫ് ബജറ്റ് വഴികളിലൂടെ Rs.30000 കോടിയുടെ അധിക വായ്പകൾ സംസ്ഥാനത്തിന് മേൽ ഈ സർക്കാർ അടിച്ചേൽപ്പിച്ചു കഴിഞ്ഞിരുന്നു, ഭരണ കാലഘട്ടത്തിൽ.

**രണ്ടാം എൽ.ഡി.എഫ്. (2021 & 2025) വായ്പകൾ**

നിലവിലെ രണ്ടാമൂഴ ഇടതു സർക്കാരിന്റെ പിന്നിട്ട നാലു വർഷങ്ങളിൽ അനുവദിനീയമായിട്ടുള്ള വായ്പാ പരിധി Rs.23000 കോടിയിൽ നിന്നും ഉയർന്ന് Rs.27000 കോടിയായി, നിലവിലെ സാമ്പത്തിക വളർച്ചയെ പ്രതിഫലിപ്പിക്കുമാറ്. എന്നാൽ ഈ കാലഘട്ടത്തിൽ ക്രമാതീതമായി ഏറ്റെടുത്ത ഓഫ് ബജറ്റ് വായ്പകൾ ക്രമംതെറ്റി സമ്പദ്ഘടനയെ താറുമാറാക്കി. മുൻ നാലുവർഷങ്ങളിൽ ഓഫ് ബജറ്റ് വായ്പകൾ ആകെ Rs.28500 കോടിയിലെത്തി.

**തിരിച്ചടവ് ക്രമീകരണം**

വായ്പ കുടുശിഖയുടെ ക്രമീകരണം ഘട്ടം-ഘട്ടമായിട്ടാണ് കേന്ദ്ര സർക്കാർ ക്രമീകരിച്ചുവരുന്നത്, ഒറ്റയടിക്കല്ല. 2024-25ൽ Rs.9200 കോടി വകയിരുത്തി. 2025-26ലേക്ക് Rs.14000 to Rs.17000 കോടി, ഗഡുക്കളായി 3-4 വർഷങ്ങളിൽ തിരിച്ചുപിടിക്കുമത്രെ. ഈ തിരിച്ചു പിടിയ്ക്കലുകൾ കണക്കുകളിൽ വകവയ്ക്കുകയാണ്, പുതിയവയല്ല. മുൻകാലങ്ങളിലെ വലിയ വായ്പകളുടെ തിരിച്ചടവ് ഭാരം നിലവിലും തുടരുമല്ലൊ.

**ആരോപണങ്ങൾ നിലനിൽക്കുമോ?**

(1) ഒറ്റത്തവണ വലിയ തിരിച്ചടവ് വകയിരുത്തൽ കടന്നുവരുന്നത് പെരുകിയ ബാദ്ധ്യതകളുടെ പ്രതിഫലം മാത്രമാണ്.

(2) ജി.ആർ.എഫ്. മാനദണ്ഡങ്ങൾ ശാസ്ത്രീയമല്ലായെന്ന വാദഗതി നിലനിൽക്കുന്നതല്ല.

(3) KIIFB വായ്പകൾ കേന്ദ്രം പരിഗണിയ്ക്കരുത് എന്ന വാദം ഓഡിറ്റ്/ധനകാര്യ നിയമങ്ങൾ/പ്രിൻസിപ്പൾസ് അനുസരിച്ച് നിലനില്ക്കില്ല.

(4) നാഷണൽ ഹൈവേ സ്ഥലമെടുപ്പിനായിട്ടുള്ള വായ്പകളുടെ തിരിച്ചടവ് ഉത്തരവാദിത്വം സർക്കാരിലാണെങ്കിൽ, ഒഴിവാക്കൽ ബാധകമല്ല തന്നെ.

ഇതുപോലുള്ള ക്രമപ്പെടുത്തലുകൾ സമാനതലങ്ങളിലുള്ള സംസ്ഥാനങ്ങൾക്കും ഏർപ്പെടുത്തിയിട്ടുണ്ട് കേന്ദ്രം ചൂണ്ടിക്കാട്ടുന്നുമുണ്ട്.

**കഷ്ടനഷ്ടങ്ങൾ ആർക്ക്**

വായ്പാ നിബന്ധന നടപടികളുടെ ഗൗരവതരമായ നടത്തിപ്പ് പ്രസ്വകാലത്തേയ്ക്ക് സംസ്ഥാന സർക്കാരിന് ക്ലേശങ്ങൾ സമ്മാനിക്കുമെങ്കിലും നല്ല നടത്തിപ്പിനായുള്ള അവസരമായി കരുതട്ടെ. ക്രമംവിട്ട വലിയ വായ്പകൾ, പണപ്പെരുപ്പം, തൊഴിലില്ലായ്മ, അഴിമതിയും, കെടുകാര്യസ്ഥതയും വർദ്ധിക്കാനുതകുമെന്ന് ന്യായമായും ജനം കരുതും. ഭാവി ഇരുളിലാതാതിരിക്കട്ടെ.

**ഉപസംഹാരം**

നിലവിലെ ഉടതു സർക്കാർ ഓഫ്-ബജറ്റ് മാർഗ്ഗങ്ങളിലൂടെ വലിയ തോതിൽ വായ്പകൾ ഏറ്റെടുത്തു. ഫലമൊ രൂക്ഷമായ വിലക്കയറ്റം, തൊഴിലില്ലായ്മയുടെ പെരുക്കം, വരുമാന മാന്ദ്യത എന്നിവ. കേന്ദ്ര സർക്കാർ മേൽപ്രകാരമുള്ള വായ്പകളെ ക്രമപ്പെടുത്തുന്നതിനോടൊപ്പം ഭാവിയിൽ ഇവയുടെ വിപുലമായ ദുരുപയോഗത്തെ നിയന്ത്രിക്കുകയാണ് ചെയ്യുന്നത് എന്ന് അനുമാനിയ്ക്കാം. നിലവിലെ വിവാദം രാഷ്ട്രീയമല്ല, ധനപരമാണ്. മികച്ച ധനകാര്യ നടത്തിപ്പിന് കേന്ദ്രവും ജനങ്ങളോട് ബാദ്ധ്യസ്ഥരാണ്. വലിയ കട-ഭാരം ഏറ്റെടുത്ത് സാധാരണ ജനത്തിനുമേൽ അമിത തിരിച്ചടവ് ബാദ്ധ്യതകൾ അടിച്ചേൽപ്പിക്കാതിരിക്കട്ടെ.

## കേരളത്തിന്റെ ധനകാര്യ പ്രതിസന്ധി : ഭരണപരാജയം

കേരളം ഇന്ന് നേരിടുന്ന ധനകാര്യ പ്രതിസന്ധിയെ പലപ്പോഴും പല പുറം കാരണങ്ങളുടെയും താൽക്കാലിക സാമ്പത്തിക ആഘാതങ്ങളുടെയും പ്രതിഫലനമായി അവതരിപ്പിക്കാറുണ്ട്. എന്നാൽ കണക്കുകൾ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ വ്യക്തമാകുന്നത് മറ്റൊരു യാഥാർത്ഥ്യമാണ്. ഈ പ്രതിസന്ധി പ്രധാനമായും ദീർഘകാല ഭരണപരാജയത്തിന്റെയും നയവികലതയുടെയും സൃഷ്ടിയാണ്.

2025-26 സാമ്പത്തിക വർഷത്തിൽ, നവംബർ-ഡിസംബർ വരെ സംസ്ഥാനത്തിന്റെ ചെലവ് വരുമാനത്തെ മറികടന്നത് ₹39,023 കോടി ആണ്. മുൻവർഷം ഇതേ കാലയളവിൽ ഇത് ₹28,976 കോടി മാത്രമായിരുന്നു. ഒരു വർഷത്തിനുള്ളിൽ തന്നെ ഏകദേശം 10,000 കോടിയുടെ അധിക ധനകാര്യ ഭാരം ഉണ്ടാകുന്നത്, സർക്കാർ ചെലവുകളും യഥാർത്ഥ വരുമാനശേഷിയും തമ്മിൽ പൊരുത്തപ്പെടുത്തുന്നതിൽ വരുന്ന തുടർച്ചയായ പരാജയമാണ് വ്യക്തം. കേരളത്തിന്റെ ധനകാര്യ പ്രതിസന്ധി; വരുമാനവും ചെലവും തമ്മിലുള്ള വിടവ് വർദ്ധിച്ചതിന് പിന്നിൽ തുടർച്ചയായ ഭരണപരാജയം ധനകാര്യം തന്നെ.

### വരുമാന ഇടിവ് : അനിവാര്യമല്ല

2025-26-ലെ ബജറ്റിൽ ₹1,34,824 കോടി വരുമാനം പ്രതീക്ഷിച്ചിരുന്നെങ്കിലും, നവംബർ-ഡിസംബർ വരെ ലഭിച്ചത് ₹85,769 കോടി മാത്രമാണ്. ആദ്യ എട്ട് ഒൻപത് മാസങ്ങൾക്കുള്ളിൽ തന്നെ ₹49,055 കോടിയുടെ വൻ വരുമാന കുറവ് രേഖപ്പെടുത്തിയത്, ഒരു സാധാരണ സാമ്പത്തിക വ്യതിയാനമല്ല; വരുമാന കണക്കുകൂട്ടലിലെ അമിത പ്രതീക്ഷയും നികുതി ഭരണത്തിലെ ദൗർബല്യങ്ങളുമാണ് ഇതിന് കാരണം.

ഈ കുറവ് ഏതെങ്കിലും ഒരു മേഖലയിലോ നികുതിയിലോ ഒതുങ്ങുന്നില്ല; വരുമാന ഭരണ സംവിധാനത്തിന്റെ മുഴുവൻ ഭാഗത്തും/മിക്ക തലങ്ങളിലും ഭരണപരാജയം പ്രകടമാണ്.

നിലവിൽ സംസ്ഥാന ജി.എസ്.ടി. മാത്രം ₹12,200 കോടിയോളം കുറവാണ് രേഖപ്പെടുത്തിയത്. സേവനമേഖലയ്ക്ക് ആധിപത്യമുള്ള സമ്പദ്വ്യവസ്ഥ എന്ന വസ്തുതയെ മറികടന്നും, നികുതി പരിശോധനയും അനുസരണവും ശക്തമാക്കാൻ സർക്കാർ മികവ് കാട്ടിയില്ല. ജി.എസ്.ടി. നിലവിൽ വന്നിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും, നികുതി അടിത്തറ വിപുലപ്പെടുത്തുന്നതിലും ചോർച്ച തടയുന്നതിലും കാര്യമായ-മികവുറ്റ പുരോഗതി കൈവരിയ്ക്കാനായിട്ടില്ല.

സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ Rs.4,300 കോടിയുടെ കുറവ് സംഭവിച്ചത്, റിയൽ എസ്റ്റേറ്റ് മന്ദഗതിയേക്കാൾ കൂടുതലായി, ഫെയർ വാല്യൂ പുതുക്കുന്നതിലെ അലംഭാവവും ഭൂമി വിലകുറച്ച് രേഖപ്പെടുത്തുന്ന പ്രവണതയോട് കാണിച്ച അനുകൂല സമീപനവുമാണ് സൂചിപ്പിക്കുന്നത്.

ഇതുവരെ സംസ്ഥാനത്തിന്റെ ഉറച്ച വരുമാന സ്രോതസ്സുകളായിരുന്ന ലോട്ടറി, മദ്യനികുതി എന്നിവയിലും ₹8,000 കോടിയിലധികം കുറവ് രേഖപ്പെടുത്തിയിരിക്കുന്നു. നികുതി പരിഷ്കാരങ്ങളോ പുതിയ വരുമാന മാർഗങ്ങളോ വേണ്ടത്ര വികസിപ്പിക്കാതെ, സാമൂഹികമായി പ്രശ്നകരമായ ഈ വരുമാനങ്ങളിൽ അമിത ആശ്രയം തുടരുന്നത്, ഭരണപരമായ ദാരിദ്ര്യമാണ് വെളിപ്പെടുത്തുന്നത്.

**കേന്ദ്ര ഗ്രാന്റുകൾ: യാഥാർത്ഥ്യമില്ലാത്ത പ്രതീക്ഷകൾ**

കേന്ദ്ര ഗ്രാന്റുകളിലെ ഇടിവ് ഭരണപരാജയത്തിന്റെ മറ്റൊരു മുഖമാണ്. ₹13,074 കോടി കേന്ദ്ര ഗ്രാന്റ് പ്രതീക്ഷിച്ചപ്പോൾ, നവംബർ-ഡിസംബർ വരെ ലഭിച്ചത് ₹2,109 കോടി മാത്രം- ₹10,965 കോടിയുടെ കുറവ്.

കേന്ദ്ര നയമാറ്റങ്ങൾ ഇതിൽ ഒരു ഘടകമാണെങ്കിലും, ഉപയോഗ സർട്ടിഫിക്കറ്റുകളുടെ വൈകിപ്പ്, വകുപ്പുകൾ തമ്മിലുള്ള ഏകോപനക്കുറവ്, പദ്ധതി വ്യവസ്ഥകൾ സമയബന്ധിതമായി പാലിക്കാത്തത് തുടങ്ങിയ സംസ്ഥാനതല വീഴ്ചകൾ ഈ കുറവിൽ വലിയ പങ്ക് നിർവ്വഹിക്കുന്നു. അനിശ്ചിതവും, നിബന്ധനാപരവുമായ കേന്ദ്ര ഗ്രാന്റുകളെ ഉറച്ച വരുമാനമായി കണക്കാക്കി ബജറ്റ് തയ്യാരാക്കുന്നത്, ധനകാര്യ ഭരണത്തിലെ ഗുരുതരമായ ആശയക്കുഴപ്പമാണ്. ഇത് തികഞ്ഞ ധനകാര്യ കെടുകാര്യസ്ഥതയാണ്. ഉദാ. പി.എം. ശ്രീ, ജലജീവൻ മിഷൻ തുടങ്ങിയവ.

**ചെലവുകൾ: നിയന്ത്രമില്ലാത്ത പ്രതിബദ്ധതകൾ**

2025-26-ൽ ₹2,03,500 കോടി ചെലവഴിക്കുമെന്നാണ് ബജറ്റ് കണക്കുകൂട്ടിയത്. പക്ഷെ നവംബർ-ഡിസംബർ വരെ ചെലവായത് ₹1,50,100 കോടി. ഇത് നിയന്ത്രണമെന്നു തോന്നാമെങ്കിലും യാഥാർത്ഥ്യം വ്യത്യസ്തമാണ്.

ഇപ്രകാരമുള്ള ചെലവ് കുറവ് ഉണ്ടാകുന്നത് മൂലധന ചെലവുകൾ വെട്ടിക്കുറച്ചതിനാലാണ്. ഏകദേശം 12,300 കോടിയുടെ വികസന ചെലവുകൾ പണമില്ലായ്മ കാരണം മാറ്റിവെക്കേണ്ടി വന്നു. ഇത് കാര്യക്ഷമതആഷ്ട, ധനകാര്യ പ്രതിസന്ധിയുടെ അടിയന്തര നിയന്ത്രണമാണ്, പ്രതിഫലനമാണ്, സാമ്പത്തിക വളർച്ചയെ ഇത് പ്രതികൂലിക്കുന്നു.

അതേസമയം, ശമ്പളം, പെൻഷൻ, പലിശ തുടങ്ങിയ ചെലവുകൾ-വർഷങ്ങളായി എടുത്ത നയ തീരുമാനങ്ങളുടെ ഫലമായി-ഇന്ന് സംസ്ഥാന വരുമാനത്തിന്റെ 65 ശതമാനത്തിലധികം വിഴുങ്ങുന്നു. ഈ ദീർഘകാല ബാധ്യതകൾ ഏറ്റെടുക്കുമ്പോൾ, അതിനനുസരിച്ച വരുമാന അടിത്തറ സൃഷ്ടിക്കാൻ സർക്കാർ പരാജയപ്പെട്ടു. താങ്ങാനാവാത്ത ബ്യുറോക്രാറ്റിക് ഭാരം സംസ്ഥാനത്ത് തുടരുന്നു.

**കുറയാത്ത ഡെഫിസിറ്റ്**

2024-2025 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ വരുമാന-ചെലവ് വിടവ് ₹65,600 കോടി ആയിരുന്നു. 2025-26-ൽ സാമ്പത്തിക വർഷം പൂർത്തിയാകുന്നതിന് മുൻപ് തന്നെ, നവംബർ-ഡിസംബർ വരെ, ഈ വിടവ് ₹64,331 കോടി ആയി. മുൻവർഷത്തേക്കാൾ ഏകദേശം ₹10,000 കോടിയുടെ വർദ്ധന, ധനകാര്യ തിരുത്തൽ കാര്യക്ഷമമായി നടക്കുന്നില്ലെന്ന് ഇത് വ്യക്തമായി സൂചിപ്പിക്കുന്നു.

**<u>പരിഹാരമില്ലാത്ത താല്ക്കാലിക പരിഹാരങ്ങൾ</u>**

ഘടനാപരമായ പരിഷ്കാരങ്ങൾക്ക് പകരം, സർക്കാർ ഇപ്പോൾ ആശ്രയിക്കുന്നത് താൽക്കാലിക പണമിടപാട് നിയന്ത്രണങ്ങളിലാണ്, കരാറുകാരുടെ കുടിശ്ശികകൾ വൈകിക്കുക, ഡി.എ-പെൻഷൻ കുടിശ്ശികകൾ മാറ്റിവെക്കുക, വികസനപദ്ധതികൾ നിർത്തിവെക്കുക. ഇത് തുടരെ നടക്കുന്നു. ഇപ്രകാരം ഇന്നത്തെ പ്രതിസന്ധി നാളെയിലേക്ക് മാറ്റിവയ്ക്കുന്നതല്ലാതെ മറ്റൊരു ഭരണ പരിഷ്കാരം കണ്ടെത്തുവാൻ കഴിയില്ലെ?.

**<u>സമ്പദ് വ്യവസ്ഥയ്ക്ക് ദോഷങ്ങൾ</u>**

ഭരണച്ചെലവും പെൻഷനും പലിശയും സംസ്ഥാന ധനവിഭവങ്ങളുടെ വലിയൊരു പങ്ക് വിഴുങ്ങുമ്പോൾ, നിക്ഷേപത്തിനും സ്വകാര്യ മേഖലയ്ക്കും, തൊഴിൽസൃഷ്ടിക്കും ഇടം തുടരെ ചുരുങ്ങുന്നു. ഇതിന്റെ ഫലമായി, കേരളം ദീർഘകാല മന്ദ്രഗതിയിലേക്ക നീങ്ങുന്നത്. സാമ്പത്തിക വളർച്ചാ നിരക്കും പൊതുവിൽ താഴ്ന്ന് തുടരുന്നു.

**<u>വില നൽകേണ്ടി വരിക ഭാവി തലമുറ</u>**

കേരളത്തിന്റെ ധനകാര്യ പ്രതിസന്ധി പുറംശക്തികളുടെ മാത്രം പ്രതിഫലമലമല്ല. ഇത് വർഷങ്ങളായി തുടരുന്ന ദുർബല ഭരണകൂട പ്രവർത്തനം, അമിത പ്രതീക്ഷകളോടെയുള്ള ബജറ്റിംഗ്, നികുതി ഭരണത്തിലെ അലംഭാവം, ചെലവുകളിൽ നിയന്ത്രമില്ലായ്മ എന്നിവയുടെ സംയുക്ത ഫലമാണ്. രാഷ്ട്രീയ ഇച്ഛാശക്തിയുടെ ദുർബലത തുടരുന്നു.

കേരള സർക്കാർ നിലവിലെ താൽക്കാലിക പണമിടപാട് നിയന്ത്രണത്തിൽ നിന്ന് പുറത്തുകടന്ന്, ഗൗരവമുള്ള ഘടനാപരമായ ധനകാര്യ പരിഷ്കാരങ്ങൾ ആരംഭിച്ചില്ലെങ്കിൽ, ഇന്നത്തെ ഭരണപരാജയത്തിന്റെ വില നൽകേണ്ടി വരിക ഭാവി തലമുറകളായിരിക്കും, മന്ദഗതിയുള്ള വളർച്ചയും ഉയർന്ന ബാധ്യതകളും എന്ന രൂപത്തിൽ. ഇടതുപക്ഷ സാമ്പത്തിക പ്രത്യയശാസ്ത്രം മികവുകൾ കാട്ടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

*****